നോവൽ - 4

# കുഞ്ഞാവ

• കെ.ടി ബാബുരാജ്



# ആയമ്മ

ടീച്ചറില്ലാത്തപ്പോ ആയയാണ് കഥ പറഞ്ഞുതരിക.

കാക്കേടേം പൂച്ചേടേം കഥ. രാജാവിന്റെയും രാജകുമാരിയുടെയും കഥ. കുട്ടികളെ പിടിക്കുന്ന ഭൂതത്തിന്റെ കഥ.

ആയമ്മേ, കഥ കഥ കഥ...

എല്ലാവരും ആയമ്മയുടെ ചുറ്റും കൂടി. ആതിര ആയയുടെ മടിയിൽ കയറിയിരുന്നു. ജുഗുനു ആയമ്മയുടെ ചുമലിൽ കയറാൻ നോക്കുകയാണ്.

ആയമ്മേ, കഥ കഥ കഥ...

എല്ലാവരും ഒന്നിച്ചൊച്ച വെച്ചു.

പറയാം പിള്ളേരേ, ഒന്നടങ്ങിയിരിക്ക്.

ഇന്നെന്ത് കഥയാ പറയേണ്ടത്... ആയമ്മ ചോദിച്ചു.

കാക്കേടേം പൂച്ചേടേം കഥ... ആതിര പറഞ്ഞു.

പോലീസിന്റെയും കള്ളന്റെയും കഥ മതി... ജുഗുനു പറഞ്ഞു.

രാജകുമാരീടെ കഥ... ആയിഷ പറഞ്ഞു.

ഇത്തിരി മാറിയിരിക്കുകയായിരുന്നു കുഞ്ഞാവ. ആയമ്മ കുഞ്ഞാവയെ നോക്കി ചോദിച്ചു: കുഞ്ഞാവയ്ക്ക് ഏത് കഥയാ വേണ്ടത്...

എനിക്ക് കിളിയുടെ കഥ മതി. ചില്ചിലും കിളിയുടെ കഥ.

ചിലുചിലും കിളിയോ...

ങ്ഹും... കുഞ്ഞാവ തലയാട്ടി.

ചിലുചിലും കിളി...

ഹായ് നല്ല കിളി. ചിലുചിലും കിളി. കിളിയുടെ കഥ മതി. കിളിയുടെ കഥ മതി. എല്ലാരും ഒന്നുപോലെ പറഞ്ഞു.

ആയമ്മ കഥ പറയാൻ തുടങ്ങി:

ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു. ഒരു സുന്ദരിക്കുട്ടി. ചിഞ്ചു എന്നായിരുന്നു അവളുടെ പേര്. അവൾക്ക് നടക്കാൻ കഴിയില്ലായിരുന്നു.

ഒരപകടത്തിൽപ്പെട്ട് ചിഞ്ചുവിന്റെ അച്ഛനും അമ്മയും മരിച്ചുപോ

▸▸ ഗോവയിലെ പ്രധാന ഭാഷയേത്– കൊങ്കിണി

യി. ആ അപകടത്തിൽ തന്നെയാണ് ചിഞ്ചുവിന്റെ കാലിന് പരുക്കേറ്റതും.

നടക്കാൻ വയ്യാത്ത ചിഞ്ചുവിനെ അവളുടെ അമ്മമ്മയാണ് വളർത്തിയത്.



രാവിലെ എഴുന്നേറ്റ് ചിഞ്ചുവിനെ പല്ല് തേപ്പിച്ച് കുളിപ്പിച്ച് കുപ്പായമിടുവിച്ച് ഭക്ഷണം കൊടുത്ത് ഒരു മുറിയിൽ അവളെ തനിച്ചാക്കി വാതിലടച്ച് അമ്മമ്മ പണിക്ക് പോവും. പോകുന്നതിന് മുമ്പ് അമ്മമ്മ അവളുടെ മുറിയുടെ ജാലകം തുറന്നുവെക്കും. എന്നിട്ട് അമ്മമ്മ അവളോട് പറയും:

ചിഞ്ചുമോളിതിലൂടെ പുറത്തേക്ക് നോക്കിയിരുന്നോളൂ. ഇതിലൂടെ നോക്കിയാൽ പുറത്ത് മഴ പെയ്യുന്നതു കാണാം. വെയിൽ വരുന്നതു കാണാം. കിളികൾ പറക്കുന്നതു കാണാം.

പൂക്കൾ വിരിയുന്നതും ഇലകൾ കൊഴിയുന്നതും കാണാം.

കാണാം... കാണാം...

ചിഞ്ചുമോൾ ചിരിച്ചുകൊണ്ട് തലയിളക്കും.

അവൾക്ക് കഴിക്കാനുള്ള ബിസ്ക്കറ്റും കുടിക്കാനുള്ള വെള്ളവും അമ്മമ്മ അരികത്തു വെക്കും.

പോകുന്നതിനിടയിൽ അമ്മമ്മ ഒരിക്കൽക്കൂടി പറയും:

വിശക്കുമ്പോൾ മോള് ബിസ്ക്കറ്റ് തിന്നണേ. ദാഹിച്ചാൽ വെള്ളം കുടിക്കണേ. ഉച്ചയ്ക്ക് ചോറു തിന്നു കഴിഞ്ഞാൽ കുറച്ചുനേരം ഉറങ്ങുകയും ചെയ്യണേ...

എല്ലാറ്റിനും ചിഞ്ചുമോൾ ചിരിച്ചുകൊണ്ട് തലയാട്ടും.

അമ്മമ്മ പോയിക്കഴിഞ്ഞാൽ ഉടനെ ചിഞ്ചുമോൾ ഇഴഞ്ഞിഴഞ്ഞ് ജാലകത്തിന്റെ അടുത്തേക്കുപോകും. ജാലകത്തിന്റെ അഴിയിൽ പിടിച്ച് എഴുന്നേറ്റ് നിൽക്കും. അധികനേരം അങ്ങനെ നിൽക്കാൻ അവൾക്ക് കഴിയില്ല. കാലു വേദനിക്കും. അപ്പോൾ കുറച്ചിരിക്കും. പിന്നെയും എഴുന്നേറ്റ് നിൽക്കും.

കുറച്ചുകഴിയുമ്പോൾ ചിഞ്ചുമോളുടെ ചങ്ങാതി വരും. അവൾ ജാലകത്തിന്റെ ഒരു മൂലയിൽ വന്നിരിക്കും. എന്നിട്ട് വാലാട്ടി ഒച്ചയുണ്ടാക്കും.

ചിഞ്ചുമോൾ ചങ്ങാതിക്കിട്ടിരിക്കുന്ന പേര് വാലാട്ടിക്കിളി എന്നാണ്.

ചിഞ്ചുമോൾ വാലാട്ടിക്കിളിയോട് സംസാരിക്കും. വാലാട്ടിക്കിളി ചിഞ്ചുമോളോടും സംസാരിക്കും.

അവർ തമ്മിൽ സംസാരിക്കുന്നത് അവർക്കുമാത്രമേ മനസ്സിലാവുകയുള്ളൂ.

ചിഞ്ചുമോൾ ഒരു ബിസ്ക്കറ്റെടുത്ത് പൊടിച്ച് വാലാട്ടിക്കിളിക്കിട്ടു കൊടുക്കും. വാലാട്ടിക്കിളി അത് തിന്നും. പിന്നെ ഒരു കഷ്ണവും കൊത്തിപ്പിടിച്ചോണ്ടു പറക്കും. അതിന്റെ കുഞ്ഞിന് കൊടുക്കാനാണ്. കുഞ്ഞിന് കൊടുത്തതിനുശേഷം അത് വീണ്ടും പറന്നുവന്ന് ചിഞ്ചുവിന്റെ അരികത്തിരിക്കും.

പരസ്പരം മനസ്സിലാവുന്ന വിധത്തിൽ അവരോരോന്ന് പറഞ്ഞുകൊണ്ടിരിക്കും.

ഒരിക്കൽ ചിഞ്ചുമോൾ വാലാട്ടിക്കിളിയോട് പറഞ്ഞു:

വാലാട്ടിക്കിളീ... വാലാട്ടിക്കിളീ... നീയെന്റെ അമ്മമ്മയെപ്പോലെയാണ്.

അതെന്താന്ന് കിളി ചോദിക്കും.

അതേ, എന്നെയീ കൂട്ടിലാക്കി അമ്മമ്മ എവിടെയൊക്കെയോ അലഞ്ഞുനടക്കും. എന്നിട്ട് എനിക്കുള്ള ഭക്ഷണവും മരുന്നുമൊക്കെയായി പറന്നുവരും.

എന്റെ അമ്മമ്മയ്ക്ക് എന്നെ എന്തിഷ്ടമാണെന്നോ...!

അതെ അതെയെന്ന് വാലാട്ടിക്കിളി വാലിളക്കി.

കഥ പറയുമ്പോൾ ആയമ്മയുടെ കണ്ണു നിറഞ്ഞു.

എല്ലാവരുടെയും കണ്ണു നിറഞ്ഞു.

ഉടുപ്പിന്റെ തുമ്പുകൊണ്ട് കുഞ്ഞാവ ആരും കാണാതെ കണ്ണീരൊപ്പി.

(തുടരും)

▸▸ ആഗ്രാ പട്ടണത്തിന്റെ നിർമാതാവ്– സിക്കന്ദർ ലോദി